بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**12-12-2025**

# തബ്‌ലീഗിന്റെ പ്രധാന്യം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

اُدۡعُ اِلٰی سَبِیۡلِ رَبِّکَ بِالۡحِکۡمَۃِ وَ الۡمَوۡعِظَۃِ الۡحَسَنَۃِ وَ جَادِلۡہُمۡ بِالَّتِیۡ ہِیَ اَحۡسَنُ ؕ اِنَّ رَبَّکَ ہُوَ اَعۡلَمُ بِمَنۡ ضَلَّ عَنۡ سَبِیۡلِہٖ وَ ہُوَ اَعۡلَمُ بِالۡمُہۡتَدِیۡنَ ﴿۱۲۶﴾

സൂറഃ ഫാത്തിഹ, സൂറഃ അന്നഹൽ ആയത്ത് നമ്പർ 126 എന്നിവ പാരയണം ചെയ്ത ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലഹു) പറഞ്ഞു: ആയത്തിന്റെ തർജ്ജമയിതാണ്.

**തത്ത്വജ്ഞാനവും സദുപദേശവും കൊണ്ടു നിന്റെ നാഥന്റെ മാർഗത്തിലേക്കു നീ (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽനിന്നു വ്യതിചലിച്ചു പോയവനെ സംബന്ധിച്ച് നിന്റെ നാഥൻ നന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിക്കുന്നവരെയും അവൻ നന്നായി അറിയുന്നു.**

ഖുർആനിൽ അല്ലാഹു കല്പിച്ചിട്ടുള്ളത് ഏറ്റവും നല്ല രീതിയിൽ തബ്‌ലീഗ് ചെയ്യാനാണ്. അപ്രകാരം മത്രമേ മറ്റുള്ളവരിൽ അതിന്റെ സ്വാധീനമുണ്ടാകുകയും അവർക്ക് പ്രയോജനം ലഭിക്കുകയും ചെയ്യുകയുള്ളൂ. ഈ രീതിയിൽ പ്രവർത്തിക്കുന്നവർക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയ തോതിൽ വിജയം ലഭിക്കാറുണ്ട്. അതിനാൽ, ഈ തത്ത്വം എപ്പോഴും നമ്മൾ മുന്നിൽ വയ്ക്കണം. നമ്മൾ തബ്‌ലീഗ് ചെയ്യേണ്ടത് ഏറ്റവും നല്ല രീതിയിലായിരിക്കണം.

ഒരിക്കൽ ഹദ്‌റത്ത് മസീഹ് മൗഊദ് (അ) തബ്‌ലീഗിനെക്കുറിച്ച് ഇപ്രകാരം സുപ്രധാന നിർദേശം നല്കി: ഇസ്ലാമിക അധ്യാപനത്തെക്കുറിച്ച് പൂർണ ജ്ഞാനമില്ലാത്ത, അതിന്റെ ഉദാത്ത ഗുണങ്ങളെക്കുറിച്ച് തീർത്തും അജ്ഞരായ, സമകാലിക വിമർശനങ്ങൾക്ക് കൃത്യമായ മറുപടികൾ നല്കാൻ കഴിവില്ലാത്ത, റൂഹുൽ ഖുദ്സിൽ (പരിശുദ്ധാത്മാവിൽ) നിന്ന് അഭ്യസ്തവിദ്യരാകാത്ത ആളുകൾ നമ്മുടെ വക്താവായി പോകുന്നത് ഞാൻ ഒട്ടും ഉചിതമായി കാണുന്നില്ല. ആ മഹാത്മാവ് പറഞ്ഞു: എന്റെ മുബല്ലിഗുമാർക്ക് (പ്രബോധകർക്ക്) അല്ലാഹുവുമായി ഒരു പ്രത്യേകബന്ധം ഉണ്ടായിരിക്കണം. അപ്പോൾ അല്ലാഹു അവരെ സഹായിക്കും.

തബ്‌ലീഗിനെക്കുറിച്ച് നമ്മൾ ഓർക്കേണ്ട ആദ്യത്തെ കാര്യം, ഇസ്ലാം മാത്രമാണ് ഏക മതമെന്നും നബി തിരുമേനി (സ) മാത്രമാണ് ലോകത്തിന് മുഴുവനായുള്ള അല്ലാഹുവിന്റെ സന്ദേശവുമായി വന്ന ഏക പ്രവാചകനെന്നും അല്ലാഹു അവിടത്തെ സർവജനങ്ങൾക്കും, സമസ്തലോകത്തിനും, സകല സമുദായങ്ങൾക്കും സുവാർത്തകനും താക്കീതുകാരനും ആയിട്ടാണ് അയച്ചിരിക്കുന്നതെന്നാണ്.

എന്നാൽ, ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചാൽ, ലോകജനസംഖ്യയുടെ നാലിലൊന്നിൽ താഴെ മാത്രമാണ് ഇന്നും മുസ്‌ലീങ്ങളുടെ മൊത്തം ജനസംഖ്യ. ഇതിന് എന്താണ് കാരണം? കാരണം ഇതാണ്: യുക്തിയോടെയുള്ള തബ്‌ലീഗ് നടന്നിട്ടില്ല. ആ സന്ദേശം ശരിയായ രീതിയിൽ എത്തിക്കാനായിട്ടില്ല. മുസ്‌ലീങ്ങൾ കരുതുന്നത് ജിഹാദിലൂടെ ഇസ്ലാമിന്റെ സന്ദേശം എത്തിക്കാമെന്നാണ്. എന്നാൽ, ശത്രു ആക്രമിക്കുമ്പോൾ മാത്രമാണ് ജിഹാദിന് അനുമതിയുള്ളത്. മുസ്‌ലീങ്ങൾക്ക് ജിഹാദ് ചെയ്യാനും വാളെടുക്കാനും അനുമതി ലഭിച്ചത്, കാഫിറുകളോ (അവിശ്വാസികളോ) അമുസ്‌ലീങ്ങളോ ഇസ്ലാമിനെ ആക്രമിക്കാനും നശിപ്പിക്കാനും ശ്രമിച്ചപ്പോഴാണ്. അപ്പോഴാണ് അല്ലാഹു ഖുർആനിലെ സൂറത്തുൽ ഹജ്ജിൽ ഇപ്രകാരം പറഞ്ഞത്:

اُذِنَ لِلَّذِيْنَ يُقٰتَلُوْنَ بِاَنَّهُمْ ظُلِمُوْا ؕ وَاِنَّ اللّٰهَ عَلٰى نَصْرِهِمْ لَقَدِيْرُ

യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു. (22:40)

ഇതാണ് സുപ്രധാന സംഗതി. പിന്നീട് അല്ലാഹു അവരെ സഹായിക്കുകയും അതിന് കഴിവുള്ളവനാണെന്ന് തെളിയിക്കുകയും ചെയ്തു എന്നതിന് ചരിത്രം സാക്ഷിയാണ്. അക്രമം നടക്കുന്നതിനാലാണ് അല്ലാഹു യുദ്ധത്തിന് അനുമതി നല്കിയത്. എന്നാൽ ഇന്നത്തെ കാലം ഇത്തരത്തിലുള്ള ജിഹാദിനുള്ളതല്ല. ദീനിന്റെ പേരിൽ യുദ്ധമൊന്നും നടക്കുന്നില്ല. പല കാരണങ്ങൾ പറഞ്ഞ് മുസ്‌ലീങ്ങൾ പീഡിപ്പിക്കപ്പെടുന്നുണ്ടെങ്കിൽ പോലും, ദീനിന്റെ പേര് പറയുന്നില്ല. അല്ലാഹുവും നബി തിരുമേനി (സ)യും ഖുർആനിലൂടെയുള്ള ജിഹാദിനെയാണ് ജിഹാദുൻ അക്ബർ (ഏറ്റവും വലിയ ജിഹാദ്) എന്ന് വിശേഷിപ്പിച്ചത്.

അതുകൊണ്ട്, ഇതാണ് മുസ്‌ലീങ്ങളുടെ പൊതുവായ അവസ്ഥ. ഇതിനാലാണ് ഇന്നും നമ്മൾ ലോകജനസംഖ്യയുടെ നാലിലൊന്നിൽ താഴെയായിരിക്കുന്നത്. നമ്മൾ ഈ കാര്യം എപ്പോഴും ഓർക്കുകയും നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുകയും വേണം. ഹദ്റത്ത് മസീഹ് മൗഊദിൽ(അ) ബൈഅത്ത് ചെയ്യുകയും ബൈഅത്തിന്റെ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്ത നമ്മൾ അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കേണ്ടതും, അവിടത്തെ ഉപദേശം പഠിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതും ലോകത്തിന് ഈ സന്ദേശം എത്തിക്കേണ്ടതുമുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ ചിലർ സദുദ്ദേശ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. എന്നാൽ, അവർക്ക് പൂർണമായ അറിവില്ല അല്ലെങ്കിൽ ഒരു ദാഈ ഇലല്ലാഹിന് ഉണ്ടായിരിക്കേണ്ട അല്ലാഹുവുമായുള്ള ബന്ധത്തിന്റെ നിലവാരം നിലനിർത്താൻ കഴിയുന്നില്ല. തത്ഫലമായി അവർ നിരാശരാകുന്നു.

നബി തിരുമേനി (സ)യും തബ്‌ലീഗിനായി കൽപ്പനകൾ നല്കുമ്പോൾ ചില നിർദേശങ്ങൾ നല്കാറുണ്ടായിരുന്നു. ഹദീസുകളിൽ ധാരാളം വിവരണങ്ങൾ കാണാം. ഹദ്റത്ത് ഇബ്നു അബ്ബാസിൽ നിന്നുള്ള ഒരു നിവേദനത്തിൽ പറയുന്നു: ആളുകളോട് അവരുടെ ബുദ്ധിക്ക് അനുസരിച്ച് സംസാരിക്കാൻ ഞങ്ങൾ കൽപ്പിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ കാര്യം ഇതാണ്: ഓരോ വ്യക്തിയുടെയും ബുദ്ധിക്കും അറിവിനും സ്വഭാവത്തിനും മതത്തിനും അനുസരിച്ച് അവരോട് സംസാരിക്കുക. ഉദാഹരണത്തിന്, മുസ്‌ലീങ്ങളോട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനത്തെക്കുറിച്ച് പറയുമ്പോൾ, ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും അവരുടെ പൂർവസൂരികളുടെ ഗ്രന്ഥങ്ങളിൽ നിന്നും തെളിവുകൾ നല്കണം. തബ്‌ലീഗ് ചെയ്യുന്നവരോട് നബി തിരുമേനി (സ) ഒരു സുദീർഘമായ ഹദീസിൽ നല്കിയ ഒരു ഉപദേശം മർദ്ദിതന്റെ ശാപപ്രാർഥനയിൽ നിന്ന് രക്ഷപ്പെടുക എന്നതാണ്. തബ്‌ലീഗ് ചെയ്യുന്നവർക്ക് ഇത് വളരെ പ്രധാനമാണ്. അവന്റെ സ്വഭാവം എപ്പോഴും നല്ലതും ഉന്നതവുമായിരിക്കണം. കൂടാതെ, ഹുഖൂഖുൽ ഇബാദ് (മനുഷ്യാവകാശങ്ങൾ) പാലിക്കുന്നതിൽ അവന്റെ നിലവാരം ഉയർന്നതായിരിക്കണം. അവൻ ഒരിക്കലും ഒരു മർദ്ദിതന്റെ ശാപം ഏറ്റുവാങ്ങുന്നവനാകരുത്, പകരം എപ്പോഴും മർദ്ദിതരുടെ പ്രാർഥന

കൾ നേടുന്നവനായിരിക്കണം. അവൻ പ്രാർഥനകൾ നേടുന്നവനാകുമ്പോൾ, അല്ലാഹു അവന്റെ കാര്യങ്ങളിൽ അനുഗ്രഹം ചൊരിയുന്നതാണ്. നബി തിരുമേനി (സ) പറഞ്ഞു: അതിനാൽ നിങ്ങൾ അതിൽ നിന്ന് രക്ഷപ്പെടണം, കാരണം അതിനും അല്ലാഹുവിനും ഇടയിൽ യാതൊരു മറയും ഇല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു: വ്യാജാരോപണങ്ങളെ യുക്തികൊണ്ടും موعظة الحسنة (മൗഇളത്തുൽ ഹസന) കൊണ്ടും നേരിടാൻ അല്ലാഹു നമ്മെ ശട്ടം കെട്ടിയിരിക്കുന്നു. ഓർക്കുക, നമ്മുടെ തബ്ലീഗ് ധാർമികതയുടെ പരിധിയിൽ മാത്രമായിരിക്കണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) യും കാർക്കശ്യം കാണിച്ചിട്ടുണ്ട് എന്ന് ചിലർ പറയാറുണ്ട്. . ആദ്യത്തെ കാര്യം, അദ്ദേഹം കാർക്കശ്യം കാണിച്ചിട്ടില്ല. മറിച്ച് തന്റെ വിവിധ ഗ്രന്ഥങ്ങളിൽ കടുത്ത വാക്കുകൾ ഉപയോഗിക്കുന്നതിൽ നിന്ന് ജമാഅത്തിനെ വിലക്കിയിട്ടുണ്ട്. അതുപോലെ ചില നിർബന്ധിത സാഹചര്യങ്ങൾ കാരണം മാത്രമാണ് താൻ ഈ വാക്കുകൾ ഉപയോഗിച്ചതെന്നും അതും അവരുടെ ചരിത്രപരമായ കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചതെന്നും അവരെപ്പോലെ അസഭ്യമായതോ വൃത്തികെട്ടതോ ആയ ഭാഷ ഉപയോഗിച്ചിട്ടില്ലെന്നും എഴുതിയിട്ടുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) തഫ്സീർ കബീറിൽ ادع الى سبيل ربك بالحكمة എന്നതിനെ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം വളരെ ഖേദത്തോടെ പറഞ്ഞു: ഈ തത്ത്വം മുസ്ലീങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ അവർ ജൂതമതത്തെയും ക്രിസ്തുമതത്തെയും ഉന്മൂലനം ചെയ്തേനെ. നമ്മുടെ ആയുധം ഖുർആൻ തന്നെയാണ്. അതിനെക്കുറിച്ചാണ് അല്ലാഹു പറയുന്നത്: ഖുർആന്റെ വാളെടുത്ത് ലോകത്തോട് ജിഹാദിന് ഇറങ്ങിത്തിരിക്കുക. എന്നാൽ, നിർഭാഗ്യവശാൽ ഇതൊഴിച്ച് ഇന്ന് ലോകത്തിലെ സകലതും മുസ്ലീങ്ങളുടെ കൈവശമുണ്ട്. ഇസ്ലാമിന്റെ ഈ സന്ദേശം ലോകത്തിന് കൈമാറേണ്ടത് ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ജോലിയാണ്. ദീനിൽ വെറും വരണ്ട തെളിവുകൾ മാത്രമല്ല, ഉപദേശത്തിന്റെ വിവിധ വശങ്ങളുണ്ടെന്നും അവ പാലിക്കണമെന്നും പറയുക. കൂടാതെ, വികാരങ്ങളെ ഉത്തേജിപ്പിക്കുന്ന കാര്യങ്ങളും പറയുക. യുക്തിയോടൊപ്പം ***മൗഇളത്തുൽ ഹസന*** യും ഉൾപ്പെടുത്തുക. അല്ലാഹു പറയുന്നു: നിങ്ങൾ നല്ല രീതിയിൽ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുക. എന്നിട്ടും ആളുകൾ അംഗീകരിക്കുന്നില്ലെങ്കിൽ, തങ്ങൾക്ക് തബ്ലീഗ് ചെയ്യാൻ അറിയില്ല എന്ന നിഗമനത്തിലെത്തി നിരാശപ്പെടരുത്. കാരണം, നിങ്ങളുടെ പ്രബോധനത്തിൽ യാതൊരു ന്യൂനതയുമില്ലായിരിക്കാം. പക്ഷേ, പ്രബോധിതന്റെ (തബ്ലീഗ് ചെയ്യപ്പെടുന്നവന്റെ) ഹൃദയത്തിലുള്ള പാപക്കറ കാരണം അല്ലാഹു അവന് ഹിദായത്തിന്റെ വാതിൽ തുറന്നുകൊടുക്കാത്തതായിരിക്കാം. ചുരുക്കത്തിൽ, തബ്ലീഗിൽ മുഴുകിയിരിക്കണം. ഇതാണ് അടിസ്ഥാന കാര്യം. നമ്മുടെ ജോലി തബ്ലീഗ് തുടരുക എന്നതാണ്. ഫലം ഉണ്ടാക്കുന്നതും സ്വാധീനം സൃഷ്ടിക്കുന്നതും അല്ലാഹുവിന്റെ പ്രവൃത്തിയാണ്.

ആ മഹാത്മാവ് പറഞ്ഞു: എന്റെ വാക്ക് നിങ്ങൾ ഹൃദിസ്ഥമാക്കുക. ഒരു മനുഷ്യന്റെ സംസാരം സത്യസന്ധമായ ഹൃദയത്തിൽ നിന്നല്ലെങ്കിൽ, അതിൽ പ്രായോഗിക ശക്തിയില്ലെങ്കിൽ, അത് സ്വാധീനം ചെലുത്തുന്നതല്ല. മറ്റൊരിടത്ത് പറയുന്നു: ഒരു വിശ്വാസി ഇരട്ടത്താപ്പ് കാണിക്കരുത്. സ്വഹാബികൾ അവരുടെ ജീവിതത്തിൽ മാതൃക കാണിച്ചതുപോലെ, നിങ്ങൾ അവരുടെ പാത പിന്തുടർന്ന് നിങ്ങളുടെ സത്യസന്ധതയുടെയും വിശ്വസ്തതയുടെയും മാതൃകകൾ കാണിക്കുക. അപ്പോൾ മാത്രമേ തബ്ലീഗും അനുഗൃഹീതമാകുകയുള്ളൂ. ഒരു കാര്യം ഒരു ശൈലിയിൽ അവതരിപ്പിക്കുമ്പോൾ ഒരു വ്യക്തിയെ ശത്രുവാക്കാം, മറ്റൊരു ശൈലിയിൽ അവതരിപ്പിക്കുമ്പോൾ മിത്രമാക്കുകയും ചെയ്യാം. വാക്കുകൾ ഒന്ന് തന്നെയായിരിക്കും. അതുകൊണ്ട്, وجادلهم بالتى هى احسن എന്നതിനോട് യോജിച്ച് നിങ്ങളുടെ പ്രവർത്തനം നിലനിർത്തുക. ഈ സംസാര ശൈലിയെയാണ് അല്ലാഹു ഹിക്മത്ത് എന്ന് വിളിച്ചിരിക്കുന്നത്.

ആ മഹാത്മാവ് പറഞ്ഞു: സംസാരിക്കുമ്പോൾ ആലോചിച്ചും സംക്ഷിപ്തമായും കാര്യമാത്രപ്ര

സക്തമായും സംസാരിക്കണം. അതുകൊണ്ട്, പ്രഭാവം ചെലുത്താൻ തമാശരൂപേണയും ചിലപ്പോൾ സംസാരിക്കുക. ബാക്കിയുള്ളത് എപ്പോഴെങ്കിലുംഅവസരംകിട്ടുമ്പോൾആകാം. ചുരുക്കത്തിൽ,സത്യസന്ദേശംപതിയെപതിയെ എത്തിച്ചുകൊണ്ടിരിക്കുക, ക്ഷീണിക്കരുത്. ഇന്നത്തെ കാലത്ത് ആളുകൾ ഭൗതിക ചിന്തകളിൽ മുങ്ങിക്കിടക്കുന്നതിനാൽ അവർക്കു മനസ്സിലാക്കി കൊടുക്കാൻ പ്രയാസമാണ്. അതിനാൽ വലിയ യുക്തിയോടെ അവരെ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. നമ്മുടെ പ്രായോഗിക മാതൃകകൾ ഉണ്ടായാൽ, താനേ ആളുകൾക്ക് ശ്രദ്ധയുണ്ടാകും. ആ മഹാത്മാവ് പറഞ്ഞു: ഓർക്കുക, ഓരോ പൂട്ടിനും ഒരു താക്കോലുണ്ട്. ഓരോ സംസാരത്തിനും ഒരു താക്കോലുണ്ട്, അതാണ് ഉചിതമായ ശൈലി. ഉചിതമായ ശൈലിയിൽ സംസാരിക്കണം. എല്ലാവരോടും ഒരുപോലെ സംസാരിക്കരുത്. ആരെങ്കിലും കുറ്റപ്പെടുത്തിയാലും അതിനെ മോശമായി എടുക്കരുത്. മറിച്ച്, പ്രബോധകൻ തന്റെ ജോലി തുടർന്നുകൊണ്ടേയിരിക്കണം, ക്ഷീണിക്കരുത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ജമാഅത്തിനെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു: ജിഹാദ് ഇസ്ലാമിന്റെ ഒരു പ്രധാന ഭാഗമാണ്. അത് ഒരു സമയത്തും ഉപേക്ഷിക്കാൻ കഴിയില്ല. നമസ്കാരം, നോമ്പ്, ഹജ്ജ്, സക്കാത്ത് എന്നിവ ഇസ്ലാമിന്റെ കാലാതീതമായി പാലിക്കേണ്ട നിർദേശങ്ങൾ ആയതുപോലെ, ജിഹാദും എല്ലാ കാലത്തും പ്രവർത്തിക്കേണ്ട കാര്യങ്ങളിൽ ഒന്നാണ്. എല്ലാ കാലത്തും ഇത് പാലിക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഇനി നിങ്ങളുടെ ജിഹാദ് പേന കൊണ്ടുള്ള ജിഹാദാണ്. ഇന്ന് ഇതാണ് ആവശ്യം. അതിനാൽ, ഈ രീതിയിൽ തൂലിക കൊണ്ട് ജിഹാദ് ചെയ്യണം. ഒരുഭാഗത്ത് ജനങ്ങൾ മസീഹും മഹ്ദിയും വരും എന്ന് വിശ്വസിക്കുന്നു. മറുഭാഗത്ത് നിഷേധിക്കുകയും ചെയ്യുന്നു. നമ്മൾ അവരുടെ തർക്കങ്ങളിലും വാക്കർഥങ്ങളിലും കോലാഹലങ്ങളിലും മുഴുകിയിരുന്നതുകൊണ്ട് പ്രയോജനമില്ല. നമ്മൾ അവരോട് പറയണം: നമ്മുടെ യഥാർഥ ലക്ഷ്യം ഇസ്ലാമിനെ ലോകത്ത് വിജയിപ്പിക്കുക എന്നതാണ്. കാരണം, നബി തിരുമേനി (സ) ലോകത്തിന് മുഴുവൻ നബിയായും റസൂലായും ആണ് വന്നത്. ഇന്ന് ലോകജനസംഖ്യയുടെ നാലിലൊന്നിൽ താഴെയാണ് നമ്മുടെ എണ്ണം. ലോകത്തെ ഇസ്ലാമിന്റെ കൊടിക്കീഴിലാക്കുന്നതുവരെ, നമ്മൾ വലിയ കാര്യം ചെയ്തു എന്ന് എങ്ങനെ പറയാൻ കഴിയും? ഇന്ന് നമ്മൾ ഇത്തരത്തിലുള്ള ജിഹാദ് ചെയ്യേണ്ടത് നമ്മുടെ ജോലിയാണ്. അപ്പോൾ മാത്രമേ നമ്മുടെ ജിഹാദ് വിജയിക്കൂ.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) രണ്ടോ മൂന്നോ സന്ദർഭങ്ങളിൽ മുറബ്ബിമാർക്ക് ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. ഇവിടെ അതിലെ പ്രധാനപ്പെട്ട കാര്യങ്ങളുടെ ഒരു സംക്ഷിപ്ത രൂപം ഞാൻ പറയാം. അവരിൽ തസ്കിയ നഫ്സ് അഥവാ ആത്മ ശുദ്ധീകരണം, തഹജ്ജുദിന്റെ ശീലം, ഖുർആൻ സ്വയം ആഴത്തിൽ പഠനവിധേയമാക്കുകയും ജമാഅത്തംഗങ്ങളെയും പഠനത്തിലേക്ക് ശ്രദ്ധ തിരിക്കുകയും ചെയ്യുക, ദൈവ സ്മരണ (ദിക്റെ ഇലാഹി) , വായനാ ശീലം എന്നിവ ഉണ്ടായിരിക്കണം. തവക്കുൽ അലല്ലാഹ് (അല്ലാഹുവിൽ ഭരമേൽപ്പിക്കുക) വളരെ അധികം ഉണ്ടായിരിക്കണം. മനുഷ്യൻ സ്തുതിപാഠകനാകരുത്. ജനസമ്പർക്കം മെച്ചപ്പെടുത്തണം. തിന്മകളെ സധൈര്യം എതിർക്കാനുള്ള ആർജവം ഉണ്ടായിരിക്കണം. സ്ഥിരചിത്തത ശീലമാക്കണം. അദ്ദേഹം സ്വയം ഈ കാര്യങ്ങളിൽ സ്ഥിരതയോടെ നിലകൊള്ളുന്നതിനോടൊപ്പം, ജമാഅത്തിലും ഈ ഒരാത്മാവ് സംജാതമാക്കണം. കൂടാതെ, വിചിന്തനം ചെയ്യാനുള്ള ശീലം ഉണ്ടായിരിക്കണം. അല്ലാഹുവുമായി ബന്ധം ഉണ്ടായിരിക്കണം. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ, നമ്മൾക്ക് ഒരു വലിയ വിപ്ലവം ഉണ്ടാക്കാൻ കഴിയും. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നല്കട്ടെ. ദാഇ ഇലല്ലാഹ്കൾക്കും ശരിയായ അറിവ് നേടാനും, അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനും, ഇസ്ലാമിന്റെയും അഹ്മദിയത്തിന്റെയും സന്ദേശം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിക്കുവാനും അല്ലാഹു തൗഫീഖ് നല്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 12.12.2025

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516